ഉത്തരം

(എ) അഞ്ച് അപേക്ഷകൾ ലഭിച്ചു.

(ബി) ആലപ്പുഴ ജില്ലയിൽ ഒന്നും തൃശ്ശൂർ ജില്ലയിൽ നിന്ന് നാല് ലോണുകളിലായി മൊത്തം 15,330 രൂപ 75 പൈസയാണ് ഈയിനത്തിൽ എഴുതിത്തള്ളിയത്.

(സി) ഇല്ല. അപേക്ഷകൻ നൽകുന്ന എഗ്രിമെന്റുകളുടെ അടിസ്ഥാനത്തിൽ (തന്റേതായ സ്ഥാവര ജംഗമസ്വത്തുക്കളിൽ നിന്നും റവന്യൂ റിക്കവറി പ്രകാരം ഈടാക്കാനുള്ള സമ്മതപത്രം) ആണ് ലോണുകൾ നൽകിവരുന്നത്.

(ഡി) റവന്യൂ റിക്കവറി നടത്തിക്കൊള്ളുന്നതിനുള്ള സമ്മതപത്രം നൽകിവരുന്നു.

(ഇ) ലോണിന് സെക്യൂരിറ്റിയായി പ്രോപ്പർട്ടി നൽകിയിരുന്നില്ല.

(എഫ്)ബാധകമല്ല.

120 (411) വെള്ളായണി കാർഷിക കോളേജിന് കൈമാറിക്കിട്ടിയ ഭൂമി

ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ റിക്കാർഡു പ്രകാരം വെള്ളായണി കാർഷിക കോളേജിന് കൈമാറിക്കിട്ടിയ സർവെ നമ്പർ 236/1 ൽപ്പെട്ട മുഴുവൻ ഭൂമിയും ഇപ്പോൾ കാർഷിക കോളേജിന്റെ കൈവശത്തിലും അനുഭവത്തിലുമാണോ എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഭൂമിയിൽ കുറവു വന്നിട്ടുണ്ടോ; കുറവ് വന്നത് കൈമാറിയതിന് മുൻപാണോ പിൻപാണോ;

(സി) വിസ്തീർണ്ണത്തിൽ കുറവുണ്ടാകാൻ കാരണമെന്ത്; കുറവു വന്ന ഭൂമി ഇപ്പോൾ ആരുടെയെല്ലാം കൈവശത്തിലും അനുഭവത്തിലും ആണെന്ന് വ്യക്തമാക്കുമോ;

(ഡി) ഭൂമിയുടെ കൈവശക്കാർ കൈവശഭൂമിക്ക് പട്ടയം ആവശ്യപ്പെട്ടുകൊണ്ട് സമർപ്പിച്ച ഹർജിയിൻമേൽ റവന്യൂ അധികൃതർ കോളേജ് അധികൃതരുടെ അഭിപ്രായം ആരാഞ്ഞിരുന്നുവോ; എങ്കിൽ 1991-ൽ തിരുവനന്തപുരം തഹസീൽദാരും 1998-ൽ ജില്ല കളക്ടറും നൽകിയ കത്തുകൾക്ക് മറുപടി നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ)-(ഡി) വിവരം ശേഖരിച്ചുവരുന്നു.

121 (412) ഫാം തൊഴിലാളികളുടെ ശമ്പള പരിഷ്കരണം

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കൃഷി ഫാമുകളിലും കാർഷിക സർവ്വകലാശാല ഫാമുകളിലും പണിയെടുക്കുന്ന കാഷ്വൽ തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) ഫാം തൊഴിലാളികളുടെ ശമ്പളപരിഷ്കരണം നടപ്പിലാക്കുന്നതിന് എന്താണ് തടസ്സമെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly